LIBRARY ARCHIVES Kerala Legislative Assembly

അഴിമതി കേസുകളുടെ വിവരങ്ങൾ സംബന്ധിച്ച്

118 (118) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സർവ്വീസിലെ ജീവനക്കാരുടെ എത്ര അഴിമതി കേസുകളാണ് കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ കണ്ടെത്തിയ കേസുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഏതെല്ലാം വകുപ്പുകളിലാണ് ഇത്തരത്തിലുള്ള കേസുകൾ കൂടുതലായി റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

(എ-സി) കഴിഞ്ഞ 5 വർഷ കാലയളവിനുള്ളിൽ സിവിൽ സർവ്വീസ് ജീവനക്കാർ ഉൾപ്പെട്ട 665 അഴിമതി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസുകളിൽ 361 കേസുകളിൽ അന്വേഷണം പൂർത്തിയാക്കി. 304 കേസുകളിൽ നിലവിൽ അന്വേഷണം നടന്നുവരുന്നു. കേസുകളുടെ വകുപ്പ് തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

മൊബൈൽ കോടതികൾ

119 (119) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൊബൈൽ കോടതികൾ നിർത്തലാക്കി അവ സാധാരണ കോടതികളായി പ്രവർത്തിപ്പിക്കണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അത് നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൊബൈൽ കോടതികൾ നിർത്തലാക്കണമെന്ന സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ കേരള ഹൈക്കോടതിയുടെ അഭിപ്രായം ആരാഞ്ഞിരുന്നു. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലെ 6 മൊബൈൽ കോടതികളെ (ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികൾ) സാധാരണ മജിസ്ട്രേറ്റ് കോടതികളായി പരിവർത്തനം ചെയ്യണമെന്നും അതിനാവശ്യമായ അധിക തസ്തികകളും ഭൗതിക സൗകര്യങ്ങളും അനുവദിക്കണമെന്ന ഹൈക്കോടതി രജിസ്ട്രാറുടെ ശിപാർശ താൽക്കാലികമായി മാറ്റി വയ്ക്കുകയും ചെയ്തിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.